**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 27 07.08.2017-ൽ മറുപടിക്ക്

## മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫംഗങ്ങളുടെ പെൻഷൻ അപേക്ഷകൾ

**ചോദ്യം:- ശ്രീ.കെ.എം ഷാജി**

**ഉത്തരം:- ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| (എ) | കഴിഞ്ഞ മന്ത്രിസഭയിലെ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫുകളുടെ എത്ര പെൻഷൻ അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ഇതിൽ അക്കൗണ്ടന്റ് ജനറലിന് അയച്ചിട്ടുള്ളതും പെൻഷൻ അനുവദിച്ച് ഉത്തരവ് നൽകിയിട്ടുള്ളതും എ.ജിക്ക് അയക്കാൻ ബാക്കിയുള്ളതുമായ അപേക്ഷകളുടെ കണക്കുകൾ ഗസറ്റഡ്, നോൺ ഗസറ്റഡ് എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ; | (എ) | കഴിഞ്ഞ മന്ത്രിസഭയിലെ പേഴ്സണൽ സ്റ്റാഫംഗങ്ങളുടെ 432 അപേക്ഷകൾ ഇതുവരെ ലഭ്യമായിട്ടുണ്ട്. ഇതിൽ 76 പേർക്ക് പെൻഷൻ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗസറ്റഡ്, നോൺ ഗസറ്റഡ് തിരിച്ചുള്ള അപേക്ഷകളുടെ വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | മുൻ പ്രതിപക്ഷ നേതാവിന്റെ സ്റ്റാഫിൽപ്പെട്ട എത്ര പേരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്രപേരുടെ അപേക്ഷകൾ എ.ജി യ്ക്ക് അയക്കാൻ ബാക്കിയുണ്ട് ; വ്യക്തമാക്കുമോ; | (ബി) | മുൻ പ്രതിപക്ഷ നേതാവിന്റെ സ്റ്റാഫിൽപെട്ട 4 പേർ പെൻഷൻ അപേക്ഷ നൽകിയിട്ടുണ്ട്. 2 പേരുടെ അപേക്ഷ എ.ജി (എ&ഇ) യ്ക്ക് അയയ്ക്കാൻ ബാക്കിയുണ്ട്. |
| (സി) | പെൻഷൻ അപേക്ഷകൾ ലഭിച്ച് എത്ര ദിവസത്തിനകം എ.ജിക്ക് അയച്ചുകൊടുക്കണമെന്നാണ് വ്യവസ്ഥയുള്ളത് ; ഇതു പ്രകാരം മുൻ പേഴ്സണൽ സ്റ്റാഫിൽ പെട്ടവരുടെ അപേക്ഷകൾ എ.ജി ക്ക് അയക്കുന്നതിന് പരമാവധി എത്ര ദിവസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട് ; | (സി ഡി &ഇ) | നോൺ ഗസറ്റഡ് സേവനകാലം ഉള്ള അപേക്ഷകരുടെ സേവനപുസ്തകം ലഭ്യമാകാത്ത സാഹചര്യത്തിൽ അത്തരം പെൻഷൻ അപേക്ഷകൾ തീർപ്പാക്കുവാൻ ശ്രമിക്കുന്നുണ്ട്. പേഴ്സണൽ സ്റ്റാഫിൽനിന്നും വിടുതൽ ചെയ്ത ജീവനക്കാർക്കുള്ളടെർമിനൽ സറണ്ടർ, ശമ്പള പരിഷ്കരണ |

| | | |
|---|---|---|
| (ഡി) | മുൻ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപെട്ടവരുടെ പെൻഷൻ അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എങ്കിൽ ആയതിന് കാരണമെന്താണെന്ന് അറിയിക്കുമോ ; മനപ്പൂർവ്വമായ കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | കുടിശ്ശിക എന്നിവ നൽകുന്ന നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. സർവ്വീസ് ബുക്ക് ലഭ്യമായതിനുശേഷം ടി അപേക്ഷകൾ വിശദമായ പരിശോധനകൾക്കുശേഷം രേഖകളുമായി ഒത്തുനോക്കി പെൻഷൻ ബുക്കുകളും പകർപ്പുകളും സാക്ഷ്യപ്പെടുത്തി അക്കൗണ്ടൻറ് ജനറൽ ഓഫീസിലേക്ക് സമയബന്ധിതമായി അയച്ചുകൊടുക്കുന്നുണ്ട്. |
| (ഇ) | സർക്കാരിന് ലഭിച്ചിട്ടുള്ള ഈ പെൻഷൻ അപേക്ഷകളിൽ അടിയന്തിരമായി നടപടി സ്വീകരിച്ച് പെൻഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | |

Sandhya S.L.

**സെക്ഷൻ ഓഫീസർ**